**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 79** **07-10-2024 - ൽ മറുപടിയ്ക്ക്**

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും വയനാട് ദുരന്തത്തിന് ചെലവഴിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിലവിൽ എത്ര തുക നീക്കിയിരിപ്പുണ്ട്; | (എ) | 04/10/2024 വരെയുള്ള കണക്ക് പ്രകാരം, 1700,45,22,738/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നീക്കിയിരിപ്പായി ഉണ്ട്. |
| (ബി) | വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് ദുരിതാശ്വാസ നിധിയിൽ ലഭിച്ച തുക എത്രയാണ്; ഇതിൽ നിന്ന് നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ദുരന്തത്തിൽ ഇരയായവരുടെ പുനരധിവാസത്തിനും നഷ്ടപരിഹാരത്തിനും ദുരന്തവുമായി ബന്ധപ്പെട്ട മറ്റ് ആവശ്യങ്ങൾക്കും അതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) | 04/10/2024 വരെയുള്ള കണക്ക് പ്രകാരം, ആകെ 513,50,36,051/- രൂപ സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. മേപ്പാടി പഞ്ചായത്തിലെ ദുരന്തവുമായി ബന്ധപ്പെട്ട് നടന്ന ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും മറ്റ് അനുബന്ധ ചെലവുകൾക്കുമായി ജില്ലാ ഭരണകൂടം ചെലവഴിച്ച തുകയുടെ വിശദാംശംങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | സാലറി ചലഞ്ച് വഴി ജീവനക്കാരിൽ നിന്നും എത്ര തുകയാണ് ദുരിതാശ്വാസ നിധിയിലേക്ക് സമാഹരിക്കാൻ ലക്ഷ്യമിട്ടിരുന്നത്; അതിൽ എത്ര തുക സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്? | (സി) | സമ്മത പത്രം നൽകുന്ന ജീവനക്കാരിൽ നിന്ന് മാത്രമേ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന സ്വീകരിക്കുന്നുള്ളൂ. ഓരോരോ ജീവനക്കാരുടേയും സമ്മതപത്ര പ്രകാരമുള്ള തുകകൾ വ്യത്യസ്തങ്ങളാകയാൽ, എത്ര തുക ശേഖരിക്കാൻ സാധിക്കുമെന്ന കണക്കു കൂട്ടൽ പ്രായോഗികമല്ല. 4/10/2024 ലെ കണക്കു പ്രകാരം ആകെ 93,85,51,746/- രൂപ സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ